(2) 1978-79 അധ്യയന വർഷം മുതൽ ഡെന്റൽ കോളേജിലെ പ്രവേശകരുടെ എണ്ണം 30-ൽ നിന്നും 40 ആക്കി ഉയർത്തി.

(ഡി) ഒരു ഡെന്റൽ കോളേജ് കൂടി സ്ഥാപിക്കുക എന്നത് വളരെ അധിക സാമ്പത്തികഭാരം ഉളവാക്കുന്ന ഒന്നാണ്. ഇൻഡ്യയിലെ മിക്ക സംസ്ഥാനങ്ങളിലും ഒരു ഡെന്റൽ കോളേജ് മാത്രമേയുള്ളുവെന്നതും പ്രസ്താവ്യമാണ്.

(ഇ) നാൽപത് വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സൗകര്യമുണ്ട്.

(എഫ്) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

വൈക്കം ഗവൺമെന്റ് ആശുപത്രിയിലെ ഡെന്റൽ ചെയർ

1208 [1932] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം ഗവൺമെന്റ് ആശുപത്രിയിലെ ഡെന്റൽ ചെയർ കേടായ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് ഉടനെ നന്നാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു വിദേശ നിർമ്മിതമാകയാൽ സ്പെയർ പാർട്ടുകൾ കിട്ടുവാൻ ബുദ്ധിമുട്ടുണ്ട്. എങ്കിലും നന്നാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

തീരദേശ വില്ലേജുകളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ

1209 [1933] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തീരദേശ വില്ലേജുകളിൽ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉണ്ട്;

(ബി) അവയുടെ വികസനത്തിനായി ഗവൺമെന്റ് എന്തെങ്കിലും പ്രത്യേക പരിപാടി ആവിഷ്കരിക്കുന്നുണ്ടോ;

(സി) തീരദേശ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായ വിഴിഞ്ഞം, പൂവ്വാർ, പുല്ലുവിള എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിനായി എന്തെങ്കിലും പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 37 എണ്ണം.

(ബി) ആരോഗ്യവകുപ്പിൽ നിന്നും പ്രത്യേക പരിപാടിയൊന്നും ഇതുവരെ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ തീരദേശത്തുള്ള മൽസ്യത്തൊഴിലാളികളുടെ സൗകര്യത്തിനായി 1972-ൽ 19 ഗ്രാമീണ വൈദ്യസഹായ

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രങ്ങളും വികസനപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 10 ഗ്രാമീണവൈദ്യ സഹായ കേന്ദ്രങ്ങളും കൂടി തുടങ്ങുവാൻ 22-2-79-ൽ ടി വകുപ്പിൽ നിന്നും ഉത്തരവായിട്ടുണ്ട്.

(സി) (1) വിഴിഞ്ഞം പ്രാഥമികാരോഗ്യ കേന്ദ്രം: ഈ കേന്ദ്രത്തിൽ ഇപ്പോഴും 6 കിടക്കകൾക്ക് മാത്രമേ അനുമതിയുള്ളൂ. ഇതിനോടനുബന്ധിച്ച് ഒരു പ്രസവവാർഡും ഫാമിലി പ്ലാനിംഗ് ക്ലിനിക്കും കൂടി നിർമ്മിക്കുന്നതിന് സർക്കാർ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(2) പൂവ്വാർ പ്രാഥമികാരോഗ്യ കേന്ദ്രം: ഈ കേന്ദ്രത്തിൽ 16 കിടക്കകൾക്ക് അനുമതിയുണ്ട്. 30 കിടക്കകളുള്ള ഒരു റൂറൽ ഡിസ്പെൻസറിയാക്കി ഈ കേന്ദ്രത്തെ ഉയർത്തുന്ന കാര്യം പരിഗണനയിലാണ്.

(3) പുല്ലുവിള പ്രാഥമികാരോഗ്യകേന്ദ്രം: ഇവിടെ ഇപ്പോൾ 10 കിടക്കകൾക്ക് മാത്രമേ അനുമതിയുള്ളൂ. ഈ സെൻററിന്റെ വികസനത്തിന് ഇപ്പോൾ പദ്ധതിയൊന്നുമില്ല.

ആയുർവേദ ഡിസ്പെൻസറി ജീവനക്കാരുടെ നിവേദനം

1210 [1935] ശ്രീ. എം. കെ. കേശവൻ:

,, വി. കെ. രാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാഗവൺമെൻറ് ആയുർവേദ ഡിസ്പെൻസറി അറൻഡേഴ്സ്, നേഴ്സിംഗ് അസിസ്റൻഡ്, ഫോർത്ത് ഗ്രേഡ് എംപ്ലോയീസ് അസോസിയേഷൻ അവരുടെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഗവൺമെൻറിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലെ ആവശ്യങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള ഉത്തരവനുസരിച്ച് ഈ ഡിസ്പെൻസറിലെ നഴ്സിംഗ് അസിസ്റൻഡ്, ഫാർമസി അറൻഡർ, ഹോസ്പിറൽ സർവൻസ് എന്നിവരെ നഴ്സുമാരായി പ്രൊമോട്ടു ചെയ്യുന്നതിന് വേണ്ട ട്രെയിനിംഗ് കൊടുത്ത് മേൽനടപടി സ്വീകരിക്കുക, (2) ഹെൽത്ത് സർവ്വീസസ് ഡിസ്പെൻസറിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അനുവദിക്കുന്നതുപോലെ വീക്കിലി ഓഫ് ഈ ഡിസ്പെൻസറിലെ ജീവനക്കാർക്കും അനുവദിക്കുക. (3) മലപ്പുറം ജില്ലാ ആഫീസ് രൂപീകൃതമായതേടുകൂടി ടി ജില്ലയുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും ഓപ്ഷൻ വാങ്ങാനുള്ള നടപടി സ്വീകരിക്കുക എന്നിവയാണ് ആവശ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly